(ഇ) ഈ വാഹനങ്ങൾ നിരത്തിലിറക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം നടപടികൾ;

(എഫ്) ജില്ലാ കേന്ദ്രമായ പത്തനംതിട്ടയിൽ നിന്നും, ജില്ലയുടെ മറ്റു പ്രധാന കേന്ദ്രങ്ങളിലേക്കുള്ള സ്റ്റേറ്റ് സർവ്വീസുകളെങ്കിലും കൃത്യമായി നടത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുമോ?

ഉത്തരം

(എ) 49 ഷെഡ്യൂളുകൾ.

(ബി) 17 ശതമാനം സ്പെയർ അടക്കം 57 ബസ്സുകൾ വേണം.

(സി) ഉണ്ടായിട്ടുണ്ട്. ജൂൺ മാസത്തിൽ 25.6 ശതമാനം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്.

(ഡി) ടയറുകളുടെ അഭാവംകൊണ്ട് സർവ്വീസ് നടത്താൻ കഴിയാത്ത 7 ബസ്സുകളും, സ്പെയർ പാർട്ടുകളുടെ അഭാവത്തിൽ കിടക്കുന്ന 9 ബസ്സുകളുമുണ്ട്.

(ഇ) ടയറിന്റേയും സ്പെയർ പാർട്ടുകളുടേയും ലഭ്യതയനുസരിച്ച് ഓടാതെ കിടക്കുന്ന വാഹനങ്ങൾ റോഡിലിറക്കുന്നതാണ്.

(എഫ്) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കെ.എസ്.ആർ.ടി.സി. ആവിഷ്കരിക്കുന്ന പരിപാടികൾ

1031 [1922] ശ്രീ. കെ. മുഹമ്മദാലി:
... കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, തോപ്പിൽ രവി:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, പി. പി. തങ്കച്ചൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കെ.എസ്.ആർ.ടി.സി. എന്തു പരിപാടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ഉത്തരം

യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് ദേശസാൽകൃത റൂട്ടുകളിൽ കൂടുതൽ ബസ്സുകൾ സർവ്വീസുകൾ ആരംഭിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. സ്ഥിരം യാത്രക്കാരുടേയും വിദ്യാർത്ഥികളുടേയും പ്രശ്നങ്ങൾക്ക് പ്രത്യേകം പരിഗണന നൽകുന്നുണ്ട്. പുതിയ വിദ്യാഭ്യാസവർഷം ആരംഭിച്ചതോടെ പരമാവധി ബസ്സുകൾ സർവ്വീസിനു നൽകാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly